നം.കെഎസ്എ.കെടിഎം.പി.7/2197/2018 തീയതി 21.12.2018

# കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 08 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 01.12.2018ൽ ചേർന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഷൈജു എസ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21-11-2018 മുതൽ 01-12-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി കെ എ അനിതാകുമാരി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ഷാന്റി ജോർജ് | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. രഞ്ജിത്ത് എം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ഉണ്ണികൃഷ്ണൻ എം | ഓഡിറ്റർ |

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസഫ് ബനഡിക്ട് | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | 1)ശ്രീ. എസ്. മോഹനചന്ദ്രൻ | 01-04-2017മുതൽ 31-05-2017വരെ |
| | 2)ശ്രീമതി ഷൈനി എം എസ് | 01-06-2017മുതൽ 06-06-2017വരെ |
| | 3)ശ്രീ.കെ എം ഫ്രാൻസിസ് | 07-06-2017മുതൽ 31-03-2018വരെ |
| (ബി)നിർവ്വഹണാധികാരികൾ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ്01-04-2017മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | 1)ശ്രീമതി.ഷൈനി എം | 01-04-2017മുതൽ 01-12-2017 വരെ |

| | | |
|---|---|---|
| | എസ് | |
| | 2)ശ്രീമതി.ഷീജമോൾ | 07-12-2017മുതൽ 31-03-2018 വരെ |
| അസി.എഞ്ചിനീയർ | 1)ശ്രീ. ജോഷി ജോസഫ് | 1-04-2017മുതൽ 25-07-2017 വരെ |
| | 2)ശ്രീ.ലാലു ഇ.ബി | 26-07-2017 മുതൽ 02-10-2017 വരെ |
| | 3)ശ്രീ. ജോഷി ജോസഫ് | 03-10-2017മുതൽ 03-11-2017 വരെ |
| | 4)ശ്രീമതി സെറിൻ വി.ജി | 04-11-2017മുതൽ 04-01-2018 വരെ |
| | 5)ശ്രീമതി ഗ്രീഷ്മ ജി | 05-01-2018മുതൽ 31-01-2018 വരെ |
| കൃഷി ഓഫീസർ | 1) ശ്രീ.പരീദുദ്ദീൻ വൈ എം | 01-04-2014മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീതാംബിക എ.എൻ | 01-04-2017മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | 1) ഡോ.മിഥുൻ എം വി<br>2)ഡോ.റിയാസ് എം.എ<br>3)ഡോ.വിന്നിമോൾ ജോസ് | 01-04-2017മുതൽ 19-10-2018 വരെ<br>20-10-2017മുതൽ 30-11-2018 വരെ<br>01-12-2017മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1)ഡോ. ശാലിനി തോമസ്<br>2)ഡോ.അരുൺകുമാർ വി.പി<br>3)ഡോ.അന ജോർജ് | 01-04-2017 മുതൽ 20-06-2017വരെ&01-07-2017 മുതൽ 23-11-2017വരെ<br>20-06-2017 മുതൽ 01-07-2017വരെ & 23-11-2017 മുതൽ 03-01-2017വരെ<br>03-01-2018 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. യശോധരൻ ഗോപാലൻ | 01-04-2017 മുതൽ 31-03-2018വരെ |
| ഗ്രാമസേവകൻ നീലൂർ | 1)ശ്രീ അജിത്ത് കുമാർ ജി. | 01-04-2017മുതൽ 15.05.2017വരെ |
| | 2)സുനിത് ഗോപാലകൃഷ്ണൻ | 15-05-2017മുതൽ 29.07.2017വരെ |
| | 3)ദിവ്യദാസൻ | 29.07.2017മുതൽ 03.10.2017 വരെ |
| | 4)സുദീപ് റ്റി.ജെ | 03.10.2017മുതൽ 31.03.2018 വരെ |
| ഗ്രാമസേവകൻ കടനാട് | സുനീത് ഗോപാലകൃഷ്ണൻ | 01.04.2017മുതൽ31.03.2018 വരെ |

| | | |
|---|---|---|
| ഡയറി ഇൻസ്ട്രക്ടർ | ലിബീഷ് മാത്യു | 01-04-2017 മുതൽ 31-03-2018വരെ |
| ഹെഡ്മിസ്ട്രസ് | കെ ജി സുജാത | 01-04-2017 മുതൽ 31-03-2018വരെ |

ഉള്ളടക്കം

| ഭാഗം 1 | |
|---|---|
| ഖണ്ഡിക നമ്പർ | ഖണ്ഡിക |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി അവലോകനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം. |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ഡി & ഒ ലൈസൻസ് തുക നിർണ്ണയിച്ചതിൽ അപാകത |
| 2-2 | തൊഴിൽ നികുതിയും ഡി & ഒ ലൈസൻസ് ഫീസും ഈടാക്കിയില്ല |
| ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | നിക്ഷേപ പ്രവൃത്തികൾ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ |
| 3-2 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ പഞ്ചായത്ത് ഫണ്ടിന് 72,311/- രൂപ നഷ്ടം |
| 3-3 | മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകതകൾ |
| 3-4 | പി.എച്ച്.സെന്റർ ലാബ് പ്രവർത്തനസജ്ജമാക്കിയിട്ടില്ല |
| 3-5 | കടനാട് ഗവ.എൽ.പി.സ്കൂൾ അറ്റകുറ്റപ്പണി - അപാകതകൾ |
| 3-6 | അങ്കണവാടിയ്ക്ക് കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല |

| | |
|---|---|
| 3-7 | കുടിവെള്ള പദ്ധതികൾ – കൈമാറ്റം സംബന്ധിച്ച നടപടിക്രമം പാലിച്ചിട്ടില്ല |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 3-8 | വീട് വാസയോഗ്യമാക്കൽ – സബ്സിഡി പരിമിതപ്പെടുത്തി നൽകി |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-2018 വർഷത്തെ ബജറ്റ് 29.03.2017 തിയതിയിലെ ഒന്നാം നം തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12.03.2018 ലെ 14-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരമുള്ളത് | വാർഷിക കണക്ക് പ്രകാരമുള്ളത് | കൂടുതൽ/കുറവ് |
|---|---|---|---|
| മുന്നിരിപ്പ് | 1871684 | 13818951 | +11947267 |

| | | | |
|---|---|---|---|
| വരവ് | 103592689 | 50536896 | -53055793 |
| ആകെ | 105464373 | 64355847 | -41108526 |
| ചെലവ് | 104006692 | 56956652 | -47050040 |
| നീക്കിയിരിപ്പ് | `1457681 | 7399195 | +5941514 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള പൊരുത്തക്കേട് വളരെ വലുതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും യഥാർത്ഥ്യബോധത്തോടെ കണക്കുകൾ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 1.06.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-2018 | 22.06.2018-23.06.2018 | നം.കെ.എസ്.എ-കെ.റ്റി.എം-07/1201/2018 തിയതി 29.06.2018 |

പരിശോധനയെ തുടർന്ന് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് പട്ടിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് - 13818951

വരവ് - 50536896

ആകെ - 64355847

ചെലവ് - 56956652

നീക്കിയിരിപ്പ്- 7399195

## 1-5 ഫണ്ട് വിനിയോഗം

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12186000 | 12186000 | 11201789 | 984211 | 91.92 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1848870 | 1848870 | 1555535 | 293335 | 84.13 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 419829 | 419829 | 306920 | 112909 | 73.10 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5367531 | 5367531 | 4495503 | 872028 | 83.75 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2689000 | 2689000 | 2456373 | 232627 | 91.34 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5722377 | 5722377 | 5715011 | 7366 | 99.87 |
| പെർഫോമൻസ് ഗ്രാന്റ് central | 1669975 | 0 | 166997 | 1656368 | 13607 | 99.18 |
| state | 759535 | 0 | 759535 | 723924 | 35611 | 95.31 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 8459 | 13130426 | 13138885 | 13137007.75 | 1877.25 | 99.98 |
| ബി ഫണ്ട് | 0 | 16440 | 16440 | 16440 | 0 | 100 |
| ബ്ളോക്ക് വിഹിതം | 0 | 964500 | 964500 | 304500 | 660000 | 31.57 |
| ജില്ലാപഞ്ചായത്ത് വിഹിതം | 0 | 0 | 0 | 0 | 0 | 0 |
| നിർമ്മൽ ഫണ്ട് | 0 | 250000 | 250000 | 0 | 250000 | 0 |
| സ്വച്ച് ഭാരത് മിഷൻ | 0 | 2000000 | 2000000 | 0 | 2000000 | 0 |
| തനത് ഫണ്ട് | 12489536 | 5942478 | 18432014 | 11726061 | 6705953 | 63.61 |

## 1-6 പദ്ധതി അവലോകനം

പദ്ധതി രൂപീകരണം

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും ഗ്രാമസഭകളുടെയും യോഗംചേരൽ, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. 2017-18വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗം 28.4.2017,4.7.17 ചേർന്നിട്ടുണ്ടെന്ന് യോഗമിനിറ്റ്സുകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ് പൂർത്തീകരിക്കുന്നതിന് പകരം വിഷയങ്ങൾ പ്രിന്റെടുത്ത് പതിപ്പിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 8.7.17,9.7.17എന്നീ തീയതികളിൽ ചേരുകയുണ്ടായി. ഗ്രാമസഭകളിൽ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നു.എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി നിർദ്ദേശങ്ങൾ സമഗ്രമായി ചർച്ചകൾക്ക് വിധേയമാക്കിയിട്ടില്ല. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 14.7.2017,ൽ ഊരുകൂട്ട യോഗവും വികലാംഗ ഗ്രാമസഭയും നടക്കുകയുണ്ടായി. ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 19.5.2017-ൽ കൂടിയ വികസനസെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതികൾ ഉൾപ്പെടുത്തി 03.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (തീരുമാനം നം-I(1) ). എസ്.സി.പി./റ്റി.എസ്.പി. വിഭാഗത്തിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ തുക വകയിരുത്തിയിട്ടില്ല.

പദ്ധതി അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2018ലെ 490/17/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 4,02,52,829-/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു.. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 184 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 144 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 40252829/- രൂപ വകയിരുത്തിയതിൽ 31435035/-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. വാർഷികപദ്ധതിച്ചെലവ് 78.09 ശതമാനമാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ പ്രകാരം വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും സ്ററാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട്നിർദ്ദേശങ്ങൾ പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിങ്ങനെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ല ഇത് പദ്ധതിരൂപീകരണ/ നിർവ്വഹണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സ്ററാന്റിംഗ് കമ്മറ്റികൾ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമല്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതും

വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ടവർ വർക്കിംഗ്ഗ്രൂപ്പുകൾ ഇപ്രകാരം മേൽനിരീക്ഷണം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ വാർഷികപദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 40252829 | 144 | 31435035 | 5 | 35 | 78.26% |
| 2016-17ലെ സ്പിൽ ഓവർ 18 | 4903279 | 17 | 4304106 | 2018-19ലെ സ്പിൽ ഓവർ 32 | | |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| കൃഷിഓഫീസർ | 08 | 08 | 1217793 | 1166390 | 95.77% |
| വെറ്ററിനറി സർജൻ | 08 | 05 | 2884500 | 2038500 | 70.67% |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | 02 | 02 | 525000 | 525000 | 100% |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 02 | 02 | 275000 | 275000 | 100% |
| വി.ഇ.ഒ | 10 | 10 | 4501432 | 4500100 | 99.97% |
| ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 11 | 10 | 3943277 | 3883503 | 98.48% |
| സെക്രട്ടറി | 23 | 16 | 4801913 | 3361229 | 69.99% |
| അസിസ്റ്റന്റ് എൻജിനീയർ | 107 | 78 | 20414039 | 14085458 | 68.99% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 675000 | 675000 | 100% |
| അസി.സെക്രട്ടറി | 06 | 06 | 467435 | 416825 | 89.17% |
| ഹെഡ് മിസ്ട്രസ് | 06 | 06 | 547440 | 508030 | 92.80% |

| | | | | | |
|---|---|---|---|---|---|
| ആകെ | 184 | 144 | 40252829 | 31435035 | 78.1% |

ഉല്പാദന മേഖലയിൽ കാർഷികോത്പാദന വർദ്ധനവിന് ഉതകുന്ന പച്ചക്കറിതൈ, ഫലവൃക്ഷ തൈ, കുറ്റി കുരുമുളക് തൈ, ടിഷ്യുകൾച്ചർ വാഴതൈ, കുള്ളൻ തെങ്ങിൻ തൈ, കപ്പള തൈ വിതരണം എന്നീ പദ്ധതികളും വരുമാനവർദ്ധനവിന് ഉതകുന്ന പദ്ധതികളായ വനിതകൾക്ക് മുട്ടക്കോഴി, പാലുല്പാദന വർദ്ധനവിന് ആട്, കറവ പശുക്കൾ എന്നിവയുടെ വിതരണവും നടത്തി. പട്ടികജാതി വിഭാഗത്തിന്റെ വരുമാന വർദ്ധനവിനുതകുന്ന ഓട്ടോറിക്ഷ വാങ്ങലും നടപ്പാക്കി.

ആരോഗ്യമേഖലയിൽ പാലിയേറ്റീവ് കെയർ,രോഗപ്രധിരോധ പ്രവർത്തനങ്ങൾ,മരുന്നുവാങ്ങൽ എന്നീ പതിവ് പദ്ധതികൾക്കപ്പുറം സമഗ്രമായ മാറ്റത്തിനുതകുന്ന പ്രോജക്റ്റുകളൊന്നും തന്നെ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

വിവിധ പദ്ധതിളിലായി സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 12186000 | 11201789 | 91.92 |
| വികസനഫണ്ട്(എസ്.സി.പി) | 1850000 | 1555535 | 84.08 |
| വികസനഫണ്ട്(റ്റി.എസ്.പി) | 420000 | 306920 | 73.08 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 7792777 | 5715011 | 73.34 |
| ലോകബാങ്ക് സഹായം | 2541453 | 2380292 | 93.65 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1631677 | 498312 | 30.54 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 0 |
| തനത് ഫണ്ട് | 2418637 | 1183230 | 48.92 |
| ബ്ളോക്ക് വിഹിതം | 964500 | 304500 | 31.57 |
| ജില്ലാപഞ്ചായത്ത് വിഹിതം | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 5329000 | 4495503 | 84.36 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 3319000 | 2456373 | 74.01 |
| മറ്റുള്ളവ | 1799785 | 1337570 | 100 |

| | | | |
|---|---|---|---|
| ആകെ | 40252829 | 31435035 | 78.1 |

ലഭ്യമായ ഫണ്ടുകളുടെ ചെലവ് ശതമാനം ഉയർത്താൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാപഞ്ചായത്ത് വിഹിതത്തിൽ വകയിരുത്തിയ തുകകളുടെ നാലിലൊന്നുപോലും ചെലവഴിക്കാനായില്ല.സംസ്ഥാനവിഹിതമിനത്തിൽ 250000/- രൂപ വകയിരുത്തിയെങ്കിലും തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല.

## 1-7 തൊഴിലുറപ്പുപദ്ധതി അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 117 പ്രോജക്റ്റുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 111 പ്രോജക്റ്റുകളിൽ 88 പ്രോജക്റ്റുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 38261 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 786 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കയ്യാല, പട്ടുതാക്കുളം എന്നീ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 8459 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 13128951/- | 13130426/- |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 1475/- | |
| ആകെ | | | 13138885/- |
| ചെലവ് | | 13137007.75/- | |
| ആകെ | | | 13137007.75/- |
| നീക്കിയിരിപ്പ് | | | 1877.25 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 28 | 16440 |
| കർഷകതൊഴിലാളി പെൻഷൻ | 1391 | 4281000 |
| വിധവാപെൻഷൻ | 1592 | 5066400 |
| വാർദ്ധക്യകാലപെൻഷൻ | 5342 | 19351200 |
| വികലാംഗപെൻഷൻ | 783 | 2518500 |
| അമ്പത് വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 175 | 557500 |
| വിവാഹധനസഹായം | 2 | 60000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2018 തീയതിയിൽ 02:38 PM-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫിസ് ക്യാഷ്യറുടെയും അക്കൗണ്ടന്റിന്റെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 3,770/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾപ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ടെങ്കിലും ഫലപ്രദമായ മേൽനോട്ടസംവിധാനത്തിന്റെ അഭാവം പഞ്ചായത്തിന്റെ പൊതുവായ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ മൂലം ഒറ്റ യൂണിറ്റായി പ്രവർത്തിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.ഇക്കാര്യങ്ങളിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും ശക്തമായ ഇടപെടലുകൾ ഉണ്ടായതായി കാണുന്നില്ല. പഞ്ചായത്തിന്റെ ഒരു പ്രധാന നികുതിയേതര വരുമാനമായ ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിന്റെ പൊതുവായ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/05/2018 | 31.03.2018വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2006 | 2005-2006-വരെ | എൽ. ബി.എ(എച്ച്.ക്യൂ. )/8എ 1000/415 തിയതി 12/07/2006 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.7.11ലെ ജി.ഒ.(എം.എസ്.)152/11ൽ നിർദ്ദേശിക്കും പ്രകാരം പഞ്ചായത്തിലെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

4) വാർഷികധനകാര്യപത്രിക പ്രകാരമുള്ള വരവിനങ്ങളിൽ ഡി & ഒ ലൈസൻസ് ഡിമാന്റ്, കളക്ഷൻ ബാലൻസ് തുകകളും, ജീവനക്കാരുടെ തൊഴിൽനികുതി-കളക്ഷൻ, ബാലൻസ് തുകകളും, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

5) വിവിധ സർക്കാർ ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ചതും തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകകളുടെ ചെലവ്, അപ്രോപ്രിയേഷൻ

കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കുന്നില്ല.

6) ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിൽ കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എന്നീ നിർവ്വഹണ ഏജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാതെ 31.3.18ൽ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്.

7) ബാലൻസ് ഷീറ്റിൽ State Govt cesses/levies in property tax(library cess) എന്ന ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ 5% അല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.

8) ബി11 ഷെഡ്യൂളിലുള്ള എല്ലാ ആസ്തികൾക്കും I 17(a) ഷെഡ്യൂൾ പ്രകാരം ഡിപ്രീസിയേഷൻ നൽകിയിട്ടില്ല.

9) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10) നോട്ട് ഓൺ അക്കൗണ്ട്സ് അനുപാതങ്ങൾ സംബന്ധിച്ച പത്രിക എന്നിവ വാർഷിക കണക്കുകൾക്കൊപ്പമുള്ള പത്രികകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് തുക നിർണ്ണയിച്ചതിൽ അപാകത

താഴെപറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയപ്പോൾ സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് തുകയുടെയും സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെയും (കുതിരശക്തിക്കാനുപാതികമായി) അടിസ്ഥാനത്തിൽ അർഹമായ ലൈസൻസ് തുക നിർണ്ണയിക്കുന്നതിന് അപാകത സംഭവിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളുടെയും ശരാശരി വിറ്റുവരവ് തുച്ഛമായ തുകയാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ചില സ്ഥാപനങ്ങൾ (പാറമട, ക്രഷർ, ജ്വലറി) വിറ്റുവരവ് കാണിച്ചിട്ടില്ല. ആയതിനാൽ തുക കൃത്യമായി നിർണ്ണയിക്കാൻ സാധിക്കുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേരും വിലാസവും | വാർഡ്/ കെട്ടിട നം. | വ്യാപാരത്തിന്റെ സ്വഭാവം | ലഭ്യമാക്കിയിട്ടുള്ള ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് തുക | മെഷിനറി (hp) | ഈടാക്കിയ ഡി & ഒ ലൈസൻസ് തുക |
|---|---|---|---|---|---|
| കബീർ എം.കെ , മനയ്ക്കാപ്പറമ്പിൽ നടയ്ക്കൽ | I/437 | മെറ്റൽ ക്രഷർ യൂണിറ്റ് | 2500/- | 315 | 1000/- |
| ജോസഫ് മാത്യൂ കുഴിഞ്ഞാലിൽ കുറുമണ്ണ് | V/322 | മെറ്റൽ ക്രഷർ യൂണിറ്റ് | 40000/- | 390 | 2000/- |

| | | | | | |
|---|---|---|---|---|---|
| ഗോപകുമാർ<br>കണ്ടത്തിൽ<br>പുത്തൻപുരയിൽ | IX/138 | ജ്വവലറി | 1000/- | ഇല്ല | 200/- |
| കെ.സി. തങ്കച്ചൻ<br>സന്ധ്യ ഡെവലപ്പേഴ്സ്<br>കൊടുമ്പിടി | VIII/438 | സോഫ്റ്റ്‌വെയർ ഡെവലപ്പേഴ്സ് | ലഭ്യമാക്കിയിട്ടില്ല | 315 kW<br>(= 47 hp) | 200/- |
| ജോബിൻ ടി ജോസ് ജോജോ. ടി. എം ,<br>തോട്ടുചാലിൽ<br>അന്തിനാട് | IX/314K<br>314 L | വീൽ അലൈൻമെന്റ്, ബാലൻസിങ്, വെഹിക്കൾ ആക്സസറീസ് | ലഭ്യമാക്കിയിട്ടില്ല | 1 | 200 |
| അലക്സ് അഗസ്റ്റിൻ<br>ചോക്കാട്ട്<br>കടനാട് | X | പാറമട | 7500/- | ലഭ്യമാക്കിയിട്ടില്ല | 2000/- |
| റിജോ സെബാസ്റ്റ്യൻ<br>തയ്യിൽ<br>അന്തിനാട് | IX/6 | തടി മില്ല് | 2500/- | 39.5 | 400/- |
| പ്രദീപ് സോമൻ<br>ചിലമ്പുംകുന്നേൽ<br>കുറുമണ്ണ് | VI/104 | ഡെക്കറേഷൻ , വെഡ്ഡിംഗ് പ്ലാനേഴ്സ് | 800/- | ഇല്ല | 100/- |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02/27.11.2018), അർഹമായ

ലൈസൻസ് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. അർഹമായ ലൈസൻസ് ഫീസ് ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതിയും ഡി & ഒ ലൈസൻസ് ഫീസും ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേരും വിലാസവും | വാർഡ്/ കെട്ടിട നം. | വ്യാപാരത്തിന്റെ സ്വഭാവം |
|---|---|---|
| റെജിമോൻ ഉറുമ്പുകാട്ട്<br>കടനാട് | XII | ഹോളോബ്രിക്സ് നിർമ്മാണം |
| ഡി. നരേന്ദ്രൻ കൊട്ടാരത്തിൽ | X/39 | വളം ഗോഡൗൺ |
| ഡി. നരേന്ദ്രൻ കൊട്ടാരത്തിൽ<br>കടനാട് | IX/210 | വളം വിൽപ്പന |
| മാത്യു ജോർജ്ജ്, പുള്ളിക്കാട്ടിൽ<br>കൊട്ടമ്പിടി | VIII/394 | കോഴി ഫാം |
| അഗസ്തി ആഗസ്തി<br>കരുന്താനത് | X | കോഴി ഫാം |
| സോണി സിറിയക്<br>ചകിണിയാങ്കൽ | I | കോഴി ഫാം |

ലൈസൻസ് ഇല്ലാതെയും, അർഹമായ തൊഴിൽ നികുതി ഈടാക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ ലംഘനമാണ്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/27.11.2018), തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവ ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിക്ഷേപ പ്രവൃത്തികൾ -പദ്ധതിനിർവ്വഹണത്തിലെ അപാകങ്ങൾ

കടനാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം സെക്രട്ടറി നടപ്പാക്കിയ നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം . | എസ് 0195/18 |

| | |
|---|---|
| പ്രോജക്ട് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ |
| ചെലവ് | 1,41,866/- |
| ബിൽ നം. | 31/26.03.2018 |
| സ്രോതസ്സ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അപാകങ്ങൾ

കെ.എസ്.ഇ.ബി. യുടെ പേരിൽ അക്കൗണ്ട് നം 57028191365 ലേക്ക് തുക നൽകിയെങ്കിലും കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചിട്ടില്ല. പദ്ധതിപൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ഫയലിലില്ല. കൂടാതെ പ്രോജക്ടിനൊപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ട വിശദമായ എസ്റ്റിമേറ്റ്, സൈറ്റ്പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നം. | എസ് 0104/18 |
| പ്രോജക്ട് | ഐങ്കൊമ്പ് -മരങ്ങാട് റോഡിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ |
| ചെലവ് | 60,825, 56100 |
| ബിൽ നം. | 11/20.09.17, 12/22.08.17 |
| സ്രോതസ്സ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അപാകങ്ങൾ

കെ.എസ്. ഇ.ബി യുടെ പേരിൽ അക്കൗണ്ട് നം 57028191365 ലേക്ക് തുക നൽകുകയും കെ എസ് ഇ.ബി യുമായി 31.03.2018നകം പ്രവൃത്തി പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം ഫൈനൽ ബിൽ,പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്ത് കരാർ ചമച്ചിട്ടുണ്ട് . കൂടാതെ പ്രോജക്ടിനൊപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ട വിശദമായ എസ്റ്റിമേറ്റ്, സൈറ്റ്പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിപൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ഫയലിലില്ല.

3.

| | |
|---|---|
| പ്രോജക്ട് നം. | എസ് 0103/18 |
| പ്രോജക്ട് | വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം |
| ചെലവ് | 11,01,613/- |
| ചെക്ക് നം. | 467366/23.11.17 |
| സ്രോതസ്സ് | ശുചിത്വമിഷൻ വിഹിതം, തനത് ഫണ്ട്<br>718519+383094 = 1101613/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അപാകങ്ങൾ

കടനാട് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 16 കുഴൽക്കിണർ നിർമ്മിക്കുന്നതിനായി ഭൂജല വകുപ്പിൽ ജില്ലാ ഓഫീസർക്ക് 70801140000051 അക്കൗണ്ടിലേക്ക് തുക നൽകി. പ്രവൃത്തി 31.03.2018നകം പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്ത് ജില്ലാ ഓഫീസറുമായി കരാർ ചമച്ചിട്ടുണ്ട്. എന്നാൽ

പദ്ധതിപൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ഫയലിലില്ല.

4.

| | |
|---|---|
| പ്രോജക്ട് നം. | എസ് 0180/18 |
| പ്രോജക്ട് | കണ്ടത്തിമാവ് വാർഡിൽ കുഴൽകിണർ നിർമ്മാണം |
| ചെലവ് | 75,000/- |
| ബിൽ നം. | 16/16.11.17 |
| സ്രോതസ്സ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അപാകങ്ങൾ

കടനാട് പഞ്ചായത്തിലെ കണ്ടത്തിമാവ് വാർഡിൽ കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിൽ ജില്ലാ ഓഫീസർക്ക് 70801140000051 അക്കൗണ്ടിലേക്ക് തുക നൽകി. പ്രവത്തി 31.03.2018നകം പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്ത് കരാർ ചമച്ചിട്ടുണ്ട്. എന്നാൽ പദ്ധതിപൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ഫയലിലില്ല.

5.

| | |
|---|---|
| പ്രോജക്ട് നം. | എസ് 0102/18 |
| പ്രോജക്ട് | നൂറുമല നിരപ്പ് ഭാഗത്ത് കുഴൽകിണർ നിർമ്മാണം |
| ചെലവ് | 69,180/- |
| ബിൽ നം. | 15/16.11.17 |
| സ്രോതസ്സ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അപാകങ്ങൾ

കടനാട് പഞ്ചായത്തിലെ കണ്ടത്തിമാവ് വാർഡിൽ കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിൽ ജില്ലാ ഓഫീസർക്ക് 70801140000051 അക്കൗണ്ടിലേക്ക് തുക നൽകി. പ്രവൃത്തി 31.03.2018നകം പൂർത്തിയാക്കി ഒരാഴ്ചയ്ക്കകം ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്ത് കരാർ ചമച്ചിട്ടുണ്ട്. എന്നാൽ പദ്ധതിപൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

പ്രവൃത്തി പൂർത്തീകരണ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 15,04,584/- (141866+60825+56100+1101613+75000+69180) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വൃദ്ധർക്ക് കട്ടിൽ വിതരണം- പദ്ധതിയിൽ പഞ്ചായത്ത് ഫണ്ടിന് 72311/-രൂപ നഷ്ടം

കടനാട് ഗ്രാമപഞ്ചായത്തിൽ ജനറൽ, എസ്.സി./എസ്.റ്റി വിഭാഗത്തിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പാക്കിയ 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിനിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1 വൃദ്ധർക്ക് കട്ടിൽ ജനറൽ

പ്രോജക്ട് നം . എസ് 0176/18

ഫണ്ട് വിവരം - പ്ളാൻ 420079/-

തനതു ഫണ്ട് - 341/-

ആകെ-420420/-

നിർവ്വഹണോദ്യോഗസ്ഥ : - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതിയിലേക്ക് കട്ടിലുകൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിനെതുടർന്ന് തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് നാരങ്ങാനവും ബാബു സി മുണ്ടയ്ക്കൽ മുണ്ടയ്ക്കൽ വീട് കടനാട് പി.ഒ എന്നിവരും ടെണ്ടർ സമർപ്പിച്ചു. ടെണ്ടർ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടെണ്ടർ നൽകിയ സ്ഥാപനം | ഇനം | തുക |
|---|---|---|
| ബാബു സി മുണ്ടയ്ക്കൽ, മുണ്ടയ്ക്കൽ വീട് കടനാട് പി.ഒ | തടി മുള്ള് വേങ്ങ ഐ.എസ്.ഐ മാർക്ക് ഇല്ലാത്ത പ്ലൈവുഡ് | 4290 |
| തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് | തടി മുള്ള് വേങ്ങ ഐ.എസ്.ഐ മാർക്ക്ഇല്ലാത്ത പ്ലൈവുഡ് | 3791 |
| | തടി മുള്ള് വേങ്ങ ഐ.എസ്.ഐ മാർക്ക് ഉള്ള പ്ലൈവുഡ് | 4120 |
| | തടി ആഞ്ഞിലി തടി ഐ.എസ്.ഐ മാർക്ക് ഇല്ലാത്ത പ്ലൈവുഡ് | 3691 |
| | തടി ആഞ്ഞിലി തടി ഐ.എസ്.ഐ മാർക്ക് ഉള്ളത് പ്ലൈവുഡ് | 3990 |
| | തടി മഹാഗണി തടി ഐ.എസ്.ഐ മാർക്ക് ഇല്ലാത്ത പ്ലൈവുഡ് | 4010 |
| | തടി മഹാഗണി തടി ഐ.എസ്.ഐ മാർക്ക് ഉള്ളത് പ്ലൈവുഡ് | 4220 |

തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് നാരങ്ങാനം മറ്റ് വില്പനക്കാരിൽനിന്നും കട്ടിലുകൽ വാങ്ങി സപ്ലൈ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ ഗുണനിലവാരം ഉറപ്പാക്കാനാവില്ല എന്ന് പഞ്ചായത്ത് കമ്മറ്റി വിലയിരുത്തുകയും ശ്രീ.ബാബു പഞ്ചായത്ത് പരിധിയിൽ കട്ടിലുകൾ നിർമ്മിക്കുന്നതിനാൽ ഗുണനിലവാരം ഉറപ്പാക്കാനാവും എന്നും പഞ്ചായത്തിലെ നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്നും ചൂണ്ടിക്കാട്ടി 26.09.2017ലെ 8/1തീരുമാനപ്രകാരം ബാബുവിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ചെയ്ത 98 കട്ടിലുകളുടെ വിലയായി 420420/-ൽ 420079/- ന്റെ ബില്ല് ട്രഷറിയിൽ 17/02/18 തീയതിയിൽ സമർപ്പിക്കുകയും ചെയ്തു എങ്കിലും ജി എസ്ടി രജിസ്ട്രേഷനുള്ള അംഗീകൃത വ്യാപാരിയുടെ സെയിൽസ് ബില്ലിന്റെ അഭാവത്തിൽ ബില്ല് ഒബ്ജക്ട് ചെയ്യപ്പെട്ടു. ചരക്ക് സേവന നികുതി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ നികുതി ഉൾപ്പെടുത്തി ബില്ല് സമർപ്പിക്കാൻ കരാറുകാർക്ക് കഴിയുന്നില്ല എന്നും പഞ്ചായത്തിന് റ്റിഡിഎസ് രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ചരക്ക് സേവനനികുതി റിക്കവറി നടത്താനായിട്ടില്ല എന്നും ഓഡിറ്റിൽ തടസ്സങ്ങൾ ഉന്നയിക്കപ്പെട്ടാൽ കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിനും 09/01/2018ലെ 4-ാം നം.

ആയിപഞ്ചായത്ത് കമ്മറ്റിതീരുമാനിച്ചു. തുടർന്ന് 01.03.2018 ൽ പഞ്ചായത്ത് കമ്മറ്റി 13-ാം നം . ആയി തീരുമാനം ആവർത്തിക്കുകയും 5 ബില്ലുകളായി പിരിച്ച് 23 കട്ടിലുകളുടെ വൗച്ചർ അടക്കം ബില്ലുകൾ സമർപ്പിച്ച കരാറുകാരന് 40618101021417 നം അക്കൗണ്ടിലേക്ക് തുകകൾ നൽകുകയും ചെയ്തു.

1)ബിൽനം 14/ 08.03.18 -98670

2)ബിൽനം 15/ 14.03.18 -98670

3)ബിൽനം 16/ 14.03.18 -98670

4)ബിൽനം 17/14.03.18/ -98670

5)ബിൽനം 18/ 14.03.18 -25399

തനത് ഫണ്ട് – 341/- ഫണ്ട് ട്രാൻസ്ഫർ

ആകെ 98 കട്ടിലുകളുടെ വില – 4,20,420/- രൂ.

അപാകങ്ങൾ

1) ജില്ലാ വ്യവസായകേന്ദ്രം പത്തനംതിട്ടയുടെ എം എസ് എം ഇ രജിസ്ട്രേഷൻ ഉള്ള (നം. 06/2014/ എസ്.പി.ഡി തിയതി 17/05/2014) മുള്ള് വേങ്ങ, ആഞ്ഞിലി തടി, മഹാഗണി തടി എന്നിങ്ങനെ വിവിധ ഗുണനിലവാരത്തിലുള്ള കട്ടിലുകളുടെ നിരക്ക് ക്വോട്ട് ചെയ്ത തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിന്റെ കുറഞ്ഞ തുകയുടെ (3791/-) ടെണ്ടർ ഒഴിവാക്കി ഉയർന്ന തുകയുടെ (4290/-) ടെണ്ടർ അംഗീകരിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് ഒരു കട്ടിലിന് 499/- രൂപ വീതം ആകെ 98 കട്ടിലുകൾക്ക് 48902/- രൂപ നഷ്ടമുണ്ടായിട്ടുണ്ട്.
2)ജി.എസ്.ടി. രജിസ്ട്രേഷനുള്ള അംഗീകൃത വ്യാപാരിയുടെ സെയിൽസ് ബില്ലിന്റെ അഭാവത്തിൽ ബില്ല് ട്രഷറിയിൽ ഒബ്ജക്ട് ചെയ്യപ്പെട്ടതിനാൽ അഞ്ച് ബില്ലുകളായി ജി.എസ്.ടി. ഈടാക്കാതെ കരാറുകാരന് തുക നൽകിയതിനാൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് 25,225/- രൂപ വീതം നഷ്ടമായിട്ടുണ്ട്.
3) ചരക്ക് സേവന നികുതി രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ നികുതി ഉൾപ്പെടുത്തി ബില്ല് സമർപ്പിക്കാൻ കരാറുകാർക്ക് കഴിയുന്നില്ലെങ്കിൽ പഞ്ചായത്തിന് റ്റിഡിഎസ് രജിസ്ട്രേഷൻ നേടി ചരക്ക് സേവനനികുതി റിക്കവറി നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2. വൃദ്ധർക്ക് കട്ടിൽ എസ്.സ്സി. പി

പ്രോജക്ട് നം . എസ് 036/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിയിൽ കട്ടിലുകൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ മനോജ് എം.ജി ഞാറകുളത്ത്, തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് നാരങ്ങാനം എന്നിവരുടെ ടെണ്ടറുകൾ ലഭിച്ചു. ടെണ്ടർ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടെണ്ടർ നൽകിയ സ്ഥാപനം | ഇനം | തുക |
|---|---|---|
| മനോജ് എം ജി ഞാറകുളത്ത് | തടി മുള്ള് വേങ്ങ ഐ.എസ്.ഐ മാർക്ക് ഇല്ലാത്ത പ്ലൈവുഡ് | 4250 |
| തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് | തടി മുള്ള് വേങ്ങ ഐ.എസ്.ഐ മാർക്ക്ഇല്ലാത്ത പ്ലൈവുഡ് | 3791 |
| | തടി മുള്ള് വേങ്ങ ഐ.എസ്.ഐ മാർക്ക് ഉള്ള പ്ലൈവുഡ് | 4120 |
| | തടി ആഞ്ഞിലി തടി ഐ.എസ്.ഐ മാർക്ക് ഇല്ലാത്ത | 3691 |

| | | |
|---|---|---|
| | പ്ലൈവുഡ് | |
| | തടി ആഞ്ഞിലി തടി ഐ.എസ്.ഐ മാർക്ക് ഉള്ളത് പ്ലൈവുഡ് | 3990 |
| | തടി മഹാഗണി തടി ഐ.എസ്.ഐ മാർക്ക് ഇല്ലാത്ത പ്ലൈവുഡ് | 4010 |
| | തടി മഹാഗണി തടി ഐ.എസ്.ഐ മാർക്ക് ഉള്ളത് പ്ലൈവുഡ് | 4220 |

പദ്ധതിയിലേക്ക് മറ്റ് വില്പനക്കാരിൽനിന്നും കട്ടിലുകൾ വാങ്ങി സപ്ലൈ ചെയ്യാനാണ് തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് നാരങ്ങാനം ഉദ്ദേശിക്കുന്നത് എന്നതിനാൽ ഗുണനിലവാരം ഉറപ്പാക്കാനാവില്ല എന്ന് കമ്മറ്റി വിലയിരുത്തുകയും മനോജ് പഞ്ചായത്ത് പരിധിയിൽ കട്ടിലുകൾ നിർമ്മിക്കുന്നതിനാൽ ഗുണനിലവാരം ഉറപ്പാക്കാനാവും എന്നും പഞ്ചായത്തിലെ നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്നും ചൂണ്ടിക്കാട്ടി 26.09.2017ലെ 8/1തീരുമാനപ്രകാരം തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിന്റെ കുറഞ്ഞ തുകയുടെ ടെണ്ടർ ഒഴിവാക്കി ശ്രീ.മനോജിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം 1/22.1.18 93500/-

ബിൽ നം 2/20.2.18 59500/-

ബിൽ നം 6/24.3.18 12750/-

ആകെ 165750

അപാകം

1) ജില്ലാ വ്യവസായകേന്ദ്രം പത്തനം തിട്ടയുടെ എം എസ് എം ഇ രജിസ്ട്രേഷൻ ഉള്ള നം 06/2014/ എസ്.പി.ഡി തിയതി 17/05/2014 മുള്ള് വേങ്ങ, ആഞ്ഞിലി തടി, മഹാഗണി തടി എന്നിങ്ങനെ വിവിധ ഗുണനിലവാരത്തിലുള്ള കട്ടിലുകളുടെ നിരക്ക് ക്വോട്ട് ചെയ്ത തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിന്റെ കുറഞ്ഞ തുകയുടെ (3791/-) ടെണ്ടർ ഒഴിവാക്കുകയും നിരക്ക് കൂടിയ (4250/-) ശ്രീ.മനോജിന്റെ ടെണ്ടർ അംഗീകരിച്ചതിനാൽ ഒരുകട്ടിലിന് 459/- രൂപ നിരക്കിൽ ആകെ 39 കട്ടിലുകൾക്ക് 17901/- രൂപ നഷ്ടമുണ്ടായി.
2) ജി.എസ്.ടി. രജിസ്ട്രേഷനുള്ള അംഗീകൃത വ്യാപാരിയുടെ സെയിൽസ് ബില്ലിന്റെ അഭാവത്തിൽ പ്രോജക്ട് നം. എസ് 0176/18 ബില്ല് ട്രഷറിയിൽ ഒബ്ജക്ട് ചെയ്യപ്പെട്ടതിനാൽ മൂന്ന് ബില്ലുകളായി ജി എസ്ടി ഈടാക്കാതെ കരാറുകാരന് തുക നൽകുക വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട നികുതിയിനത്തിൽ 9945/- രൂപ വീതം നഷ്ടമുണ്ടായിട്ടുണ്ട്.

3.വൃദ്ധർക്ക് കട്ടിൽ (എസ്.റ്റി)

പ്രോജക്ട് നം . എസ് 037/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിയിൽ കട്ടിലുകൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് പദ്ധതിയിലേക്ക് തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് നാരങ്ങാനം ടെണ്ടർ സമർപ്പിച്ചു. എന്നാൽ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് നാരങ്ങാനം മറ്റ് വില്പനക്കാരിൽനിന്നും കട്ടിലുകൽ വാങ്ങി സപ്ലൈ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ ഗുണനിലവാരം ഉറപ്പാക്കാനാവില്ല എന്ന് കമ്മറ്റി വിലയിരുത്തി. മനോജ് , ബാബു എന്നിവർ പഞ്ചായത്ത് പരിഘധിയിൽ കട്ടിലുകൾ നിർമ്മിക്കുന്നവരായതിനാൽ ഗുണനിലവാരം ഉറപ്പാക്കാനാവും എന്നും പഞ്ചായത്തിലെ നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുമെന്നും ചൂണ്ടിക്കാട്ടി

26.09.2017ലെ 8/1തീരുമാനപ്രകാരം മനോജ് , ബാബു എന്നിവരുടെ ടെണ്ടറുകൾ അംഗീകരിക്കുകയും എസ് 037/18 പദ്ധതിയിലേക്ക് റീടെണ്ടർ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. പിന്നിട് റീ ടെണ്ടർ ഒഴിവാക്കി 36/18 നം.പ്രോജക്ടിലെ കരാറുകാരനായ ശ്രീ.മനോജിന് തന്നെ സപ്ലൈ ഓർഡർ നൽകി. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം 3/20.2.18 29750/-

ബിൽ നം 5/23.3.18 17000/-

ബിൽ നം 8/31.3.18 4250/-

ആകെ 51000/- ആകെ 12 കട്ടിൽ

അപാകങ്ങൾ

1.ജില്ലാ വ്യവസായകേന്ദ്രം പത്തനംതിട്ടയുടെ എം എസ് എം ഇ രജിസ്ട്രേഷൻ ഉള്ള (നം. 06/2014/ എസ്.പി.ഡി തിയതി 17/05/2014) മുള്ള് വേങ്ങ, ആഞ്ഞിലി തടി, മഹാഗണി തടി എന്നിങ്ങനെ വിവിധ ഗുണനിലവാരത്തിലുള്ള കട്ടിലുകളുടെ നിരക്ക് ക്വോട്ട് ചെയ്ത തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിന്റെ 3791/- രൂപയുടെ കുറഞ്ഞ ടെണ്ടർ ഒഴിവാക്കി മറ്റൊരു പ്രോജക്ടിലെ കരാറുകാരനായ ശ്രീ.മനോജിന്റെ ഉയർന്ന നിരക്കിലുള്ള 4250/- രൂപയുടെ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തിയതിനാൽ ഒരു കട്ടിലിന് 459/- രൂപ നിരക്കിൽ (4250-3791) ആകെ 5508/- രൂപ അധികം നൽകാനിടയായി.
2.ജി.എസ്.ടി രജിസ്ട്രേഷനുള്ള അംഗീകൃത വ്യാപാരിയുടെ സെയിൽസ് ബില്ലിന്റെ അഭാവത്തിൽ പ്രോജക്ട് നം.എസ് 0176/18ബില്ല് ട്രഷറിയിൽ ഒബ്ജക്ട് ചെയ്യപ്പെട്ടതിനാൽ മൂന്ന് ബില്ലുകളായി ജി.എസ്.ടി. ഈടാക്കാതെ കരാറുകാരന് തുക നൽകിയതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നഷ്ടമുണ്ടായി.

3.റീടെണ്ടർ ക്ഷണിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു എങ്കിലും പിന്നിട് റീ ടെണ്ടർ ഒഴിവാക്കി മറ്റൊരു പ്രോജക്ടിലെ കരാറുകാരനായ ശ്രീ.മനോജിന് തന്നെ സപ്ലൈ ഓർഡർ നൽകി.

അധികനിരക്ക് നൽകിയതുമൂലം മൂന്ന് പദ്ധതികളിലായി യഥാക്രമം 48902+17901+5508 =72311 പഞ്ചായത്ത് ഫണ്ടിനും, ജി എസ് ടി ഈടാക്കാത്തതിനാൽ സംസ്ഥാന, കേന്ദ്ര സർക്കാരുകൾക്കും നഷ്ടം സംഭവിച്ചിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ ആകെ തുക | ആകെ ജിഎസ്ടി തുക 12% നിരക്കിൽ | സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം |
|---|---|---|---|---|
| 1) | പ്രോജക്ട് നം . എസ് 0176/18 ബിൽ തുക ആകെ 420420/- | 50450.4 | 25225.2 | 25225.2 |
| 2) | പ്രോജക്ട് നം . എസ് 037/18ആകെ 51000/- | 6120 | 3060 | 3060 |
| 3) | പ്രോജക്ട് നം . എസ് 036/18 ആകെ 165750 | 19890 | 9945 | 9945 |
| | ആകെ | 76460.4 | 38230.2 | 38230.2 |

അധികം ചെലവഴിച്ച 72,311/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജി.എസ്.ടി. ഇനത്തിൽ കേന്ദ്ര/ സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകതകൾ

a)2017-18 വർഷം അംഗീകാരം ലഭിച്ച മരാമത്ത് പ്രവൃത്തികളിൽ എണ്ണം നടപ്പാക്കിയിട്ടുണ്ട്.നടപ്പാക്കിയ പ്രവൃത്തികളിലധികവും റോഡ് കോൺക്രീറ്റിംഗ് വേലകളാണ്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)പല പ്രവർത്തികളുടെയും നിർവ്വഹണഘട്ടത്തിൽ വന്ന മാറ്റങ്ങൾക്കനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിയമാനുസൃതം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

b)റോഡ് പ്രവൃത്തികൾ - ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല

വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് റീടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും റോഡുകളുടെ തുടക്കം, അവസാനം, നീളം, വീതി, പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ്, ക്രോസ് ഡ്രെയിനേജ് പ്രവൃത്തികൾ തുടങ്ങിയവ കാണിക്കുന്ന രേഖകൾ/മാപ്പ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടാറിംഗ്/റീടാറിംഗ്/അറ്റകുറ്റപ്പണികളുടെ ഇടവേളയും ആവശ്യകതയും കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നു. തന്മൂലം ഓരോ വാർഷിക പദ്ധതിയിലും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ലഭിക്കാതെ വരുന്നു. ആയതിനാൽ കൃത്യമായ ഇടവേളയും ആവശ്യകതയും ഉറപ്പുവരുത്തുന്നതിനായി റോഡുപ്രവൃത്തികളുടെ ചെയിനേജ് രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

c)ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ - നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്തുപ്രവൃത്തികൾക്ക് സർക്കുലർ നം. 1/1559/ 2010/സി.ഇ/തസ്വഭവ തീയതി 13.11.14 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. സമിതിയുടെ തെരഞ്ഞെടുക്കലിനായി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രമനം.2 ആയി പറഞ്ഞിരിക്കുന്ന പ്രവൃത്തിയുടെ മിനിറ്റ്സ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

2)പണമിടപാടുകൾ കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ട് മുഖേന നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. കൺവീനറുടെ പേരിൽ മാത്രമാണ് അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്.

3)ഗുണഭോക്തൃസമിതി ഏറ്റെടുത്തു നടത്തിയ പ്രവൃത്തികൾക്ക് വാങ്ങിയ സാധനങ്ങൾ, നിയോഗിച്ച തൊഴിലാളികളുടെ വേതനം, മസ്റ്റർ റോൾ എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4)പ്രവൃത്തി പൂർത്തീകരിച്ച ശേഷം ഗുണഭോക്തൃസമിതിയുടെ എക്സി.കമ്മിറ്റി യോഗം ചേർന്ന് കണക്കുകൾ പരിശോധിച്ച് വൗച്ചറുകൾ പാസാക്കി അംഗീകരിക്കേണ്ടതാണ്. സമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്.എന്നാൽ ഗുണഭോക്തൃസമിതി വരവുചെലവു കണക്കുകൾ തയ്യാറാക്കി പാസാക്കിയിട്ടില്ല.

5)ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് നിയമാനുസൃത നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പി എച്ച് സെന്റർ ലാബ് പ്രവർത്തനസജ്ജമാക്കിയിട്ടില്ല

പ്രോജക്ട് നം.157/18 പ്രകാരം വികസനഫണ്ടിൽ നിന്ന് 886970/- രൂപ ചെലവഴിച്ച് പി എച്ച് സെന്ററിൽ ലാബിനും പാലിയേറ്റീവ് സെന്ററിനും കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ലാബ് പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ലാബ് പ്രവർത്തനസജ്ജമാക്കി പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കേണ്ടതാണ്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-5 കടനാട് ഗവ. എൽ.പി സ്കൂൾ അറ്റകുറ്റപ്പണി - അപാകതകൾ

പ്രോജക്ട് നം.143/18

ചെലവ് - 143890(മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്)

കരാറുകാരൻ - റോണി കുര്യാക്കോസ്

ഗവ.എൽ.പി.സ്കൂളിന് കഞ്ഞിപ്പുര നവീകരിക്കുന്നതിന് ഉദ്ദേശിച്ചുള്ള പ്രോജക്ടിൽ ഗ്രാനൈറ്റ് കിച്ചൺ സ്ലാബ് പിടിപ്പിക്കുകയും ഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഫ്ളോറിംഗ് പൂർത്തീകരിച്ചിട്ടില്ല. പ്രാദേശികപരിശോധനയിൽ ചിമ്മിനി സീലിംഗിന്റെ ഒരു ഭാഗം ചോർന്നൊലിക്കുന്നതായി കാണപ്പെട്ടു.നിർമ്മാണത്തിൽ സംഭവിച്ച അപാകത കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ തന്നെ പരിഹരിക്കേണ്ടതാണ്.ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് കഞ്ഞിപ്പുര ഉപയോഗയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇക്കാര്യത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-6 അങ്കണവാടിയ്ക്ക് കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല

ഐങ്കൊമ്പ് ഗവ.എൽ.പി. സ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന 122-ാം നം.അങ്കണവാടി 2014-15 വർഷം RIDF പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ചതാണ്. 14 കുട്ടികളുള്ള അങ്കണവാടിയ്ക്ക് നാളിതുവരെ വൈദ്യുതകണക്ഷൻ ലഭിച്ചിട്ടില്ലെന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. 2017-18 വർഷം വൈദ്യുതീകരണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും നടപ്പാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ച് രണ്ട് വർഷമായിട്ടും വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. അങ്കണവാടിയ്ക്ക് വൈദ്യുതികണക്ഷൻ ലഭിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 കുടിവെള്ളപദ്ധതികൾ -കൈമാറ്റം സംബന്ധിച്ച നടപടിക്രമം പാലിച്ചിട്ടില്ല

വിവിധ വർഷങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച കുടിവെള്ളപദ്ധതികൾ പലതും ഗുണഭോക്തൃസമിതികൾ മുഖേനയാണ് നടപ്പാക്കുന്നതെങ്കിലും സമിതിയുമായി നിയമാനുസൃതം കരാർ ചമച്ചിട്ടില്ല. സമിതികൾക്കു കൈമാറിയ കുടിവെള്ളപദ്ധതികൾ സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. 2017-18 വർഷം നിർമ്മാണം പൂർത്തീകരിച്ച അട്ടുതാറ്റ് കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിയ്ക്കു കൈമാറിയതായി പഞ്ചായത്ത് കമ്മിറ്റിയുടെ 7.7.17 ലെ 8(1)-ാം നം. തീരുമാനത്തിൽ പറയുന്നു. എന്നാൽ സമിതിയുടെ കൺവീനർ, ചെയർമാൻ എന്നിവരുമായി നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമച്ചിട്ടില്ല. കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുമ്പോൾ നിയമാനുസൃതനടപടിക്രമം പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 വീട് വാസയോഗ്യമാക്കൽ-സബ്സിഡി പരിമിതപ്പെടുത്തി നൽകുന്നു.

വീട് വാസയോഗ്യമാക്കുന്നതിനായി തൻവർഷം വി.ഇ.ഒ കടനാട് നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതു വിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലായി പ്രോജക്ടുകൾ നടപ്പിലാക്കി. പൊതു വിഭാഗത്തിന് 25000 രൂപയും പട്ടികജാതി വിഭാഗത്തിന് 100000 രൂപ വീതവും ധനസഹായം നല്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 80/2017 ത.സ്വ.ഭ.വ.തീ.03.04.17 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി നല്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി പൊതുവിഭാഗത്തിന് 1,00,000 രൂപയും, പട്ടികജാതിവിഭാഗത്തിന് 1,50,000 രൂപയുമാണ്. കൂടുതൽ പേർക്ക് ആനുകൂല്യം നല്കുന്നതിനാണ് ഇപ്രകാരം സബ്സിഡി തുക പരിമിതപ്പെടുത്തി നല്കിയത്. തുച്ഛമായ സബ്സിഡി നല്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാതെ വരുന്നു. ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1) | ളാലം ബ്ലോക്ക് പഞ്ചായത്ത് | 30.06.2018 | 200000 | പാലിയേറ്റിവ് കെയർ പദ്ധതി | 200000 | 0 |
| 2) | ളാലം ബ്ലോക്ക് പഞ്ചായത്ത് | 30.08.2018 | 75000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 75000 | 0 |
| 3) | ളാലം ബ്ലോക്ക് പഞ്ചായത്ത് | 17.01.2018 | 160000 | കുറുമണ്ണ് എലിവാലി എന്നിവടങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 0 | 160000 |
| 4) | ളാലം ബ്ലോക്ക് പഞ്ചായത്ത് | 17.01.2018 | 500000 | വാളികുളം കോളനി കുടിവെള്ള പദ്ധതി | 0 | 500000 |
| 5) | ളാലം ബ്ലോക്ക് പഞ്ചായത്ത് | 18.01.2018 | 29500 | ഷീ പാഡ് പദ്ധതി | 29500 | 0 |
| | | ആകെ | 964500 | | 304500 | |

ചെലവ് തുകയായ 304500/-രൂപ കിഴിച്ചുള്ള 660000/- രൂപയിൽ 630788/- രൂപ റിഡെംപ്ഷൻ തുകയായി 29.03.2018 ൽ പിൻവലിച്ചിട്ടുള്ളതും 31.03.2018 ൽ 29212/- രൂപ നീക്കിയിരിപ്പുള്ളതുമാണ്. 07.04.2018 തീയതിയിൽ റിഡെംപ്ഷൻ തുകയായ 630788/- രൂപ അക്കൗണ്ടിൽ വരവ് ഉള്ളതും, ക്രമ നം.3,4 എന്നീ പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളായി തുടർന്നുവരുന്നതുമാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2017-18 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ. ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 217001081 | 141866 | 0 | 141866 |
| എസ്എസ്എ | എസ്.എസ്എവിഹിതം | 21700858 | 400000 | 0 | 400000 |
| കെ.എസ് ഇ. ബി | ഐക്കൊമ്പ് മരങ്ങാട് റോഡിൽസ്ട്രീറ്റ് ലൈൻ വലിക്കൽ | 21700878,21700877 | 116925 | 0 | 116925 |
| ഭൂജല വകുപ്പ് | നൂറുമല നിരപ്പ് ഭാഗത്ത് കുഴൽകിണർ നിർമ്മാണം | 21700896 | 69180 | 0 | 69180 |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | 21700582,21700583 | 1101613 | 0 | 1101613 |
| ഭൂജല വകുപ്പ് | കണ്ടത്തിമാവ് വാർഡിൽ കുഴൽ കിണർ നിർമ്മാണം | 21700975 | 75000 | 0 | 75000 |
| സാമൂഹ്യ സുരക്ഷാ മിഷൻ | വിഹിതം നൽകൽ | 21701080 | 376119 | 0 | 376119 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 370000 |
| തൻവർഷം നിക്ഷേപിച്ച തുക | 31450 |
| ആകെ | 401450 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 401450 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കടനാട് സർവ്വീസ് സഹകരണ ബാങ്ക് | 401450 |
| ആകെ | 401450 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് വന്ന 43,750/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007-08 | ഖ.3.3 | 43750 | ശ്യാം കുമാർ കെ എസ്<br>എസ് കെ സദനം<br>അമയന്നൂർ പി ഒ. | 117020103873<br>തീയതി<br>24.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12/ 11.01.13 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>ചെത്തിമറ്റത്തിൽ വീട്,<br>വഞ്ചിമല പി.ഒ.,<br>കാഞ്ഞിരപ്പള്ളി - 686508 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (13818951 രൂപ മുന്നിരിപ്പ് ഉൾപ്പെടെ) | 6,43,55,847 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,69,56,652 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,76,895 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1 മുതൽ 5 വരെ) | 15,04,584 | ശ്രീ.കെ.എം.ഫ്രാൻസീസ്, സെക്രട്ടറി |
| 3-2(1) | 48,902 | ശ്രീമതി ഗീതാംബിക എ.എൻ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-2(2, 3) | 23,409 | ശ്രീമതി ഷീജമോൾ, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1976-77 | എൽ.എഫ്.കെ.പി2/3428/78/16.01.79 | 5 |
| 1977-78 | എൽ.എഫ്.കെ.പി.5/335/80/16.04.80 | 5 |
| 1978-79 | എൽ.എഫ്.കെ.പി.5/2655/80/06.12.81 | 5 |
| 1980-81 | എൽ.എഫ്.കെ.പി5/1766/82/29.01.83 | 5 |
| 1998-99 | കെഎസ്എ.കെടിഎം.പി.7/78(അദാ.2018)/221/(2)/18/ 06.03.18 | 4 |
| 1999-2000 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(3)/18/ 06.03.18 | 2 |
| 2000-01(plan) | കെഎസ്എ.കെടിഎം.പി.7/706/03/10.01.05 | 12 |
| 2000-01(full) | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(3)/18/ 06.03.18 | 2 |

| | | |
|---|---|---|
| 2001-02 (full) | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(5)/18/ 06.03.18 | 1 |
| 2002-03 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(6)/18/ 06.03.18 | 1 |
| 2003-04 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(7)/18/ 06.03.18 | 8 |
| 2004-05 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(8)/18/ 06.03.18 | 6 |
| 2005-06 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(9)/18/ 06.03.18 | 3 |
| 2006-07 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(10)/18/ 06.03.18 | 4 |
| 2007-08 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(11)/18/ 06.03.18 | 8 |
| 2008-09 | കെഎസ്എ.കെടിഎം.പി.7/(അദാ.2018)/221/(12)/18/ 06.03.18 | 9 |
| 2009-10 & 2010-11 | കെഎസ്എ.കെടിഎം.പി.7/1492/2013/07.06.14 | 3 |
| 2011-12 & 2012-13 | കെഎസ്എ.കെടിഎം.പി.7/1112/15/17.10.15 | 11 |
| 2013-14 & 2014-15 | കെഎസ്എ.കെടിഎം.പി.7/387/17/19.05.17/02.06.17 | 16 |
| 2015-16 | കെഎസ്എ.കെടിഎം.പി.7/1611/17/28.11.17 | 7 |
| 2016-17 | കെഎസ്എ.കെടിഎം.പി.7/1549/2017/10.11.17 | 11 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി.7/2197/2018 തീയതി: 21.12.2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം